കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം ഇരിങ്ങാലക്കുട നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.കെ.റപ്പായി, ശ്രീ.പി.കെ.ശിവൻ, ശ്രീമതി.ടി.ആർ. വിജയകുമാരി എന്നിവരുടെ പ്രൊബേഷൻ കാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1507/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 22/04/2016.

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 15/01/2016 തിയതിയിലെ ഇ 3-18188/14 നമ്പർ കത്ത്.

## ഉത്തരവ്

ഇരിങ്ങാലക്കുട നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.കെ.റപ്പായി, ശ്രീ.പി.കെ.ശിവൻ, ശ്രീമതി.ടി.ആർ. വിജയകുമാരി എന്നിവർ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതാണ്.ശ്രീ.കെ.റപ്പായി, ശ്രീ.പി.കെ ശിവൻ,ശ്രീമതി.വിജയകുമാരി എന്നിവർ യഥാക്രമം 02/05/2008, 01/06/2008, 11/04/2009 തീയതികളിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.കെ.റപ്പായിയുടെ പ്രൊബേഷൻ കാലം 04/05/2008 വരെയും ശ്രീ.പി.കെ.ശിവന്റെ പ്രൊബേഷൻ കാലം 03/06/2008 വരെയും ശ്രീമതി.ടി.ആർ.വിജയകുമാരിയുടെ പ്രൊബേഷൻ കാലം 13/04/2009 വരെയും ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് സർവ്വീസ് ചട്ടം 21 പ്രകാരം ശ്രീ.കെ.റപ്പായിയുടെ പ്രൊബേഷൻ കാലം 04/05/2008 വരെയും ശ്രീ.പി.കെ.ശിവന്റെ പ്രൊബേഷൻ കാലം 03/06/2008 വരെയും ശ്രീമതി.ടി.ആർ.വിജയകുമാരിയുടെ പ്രൊബേഷൻ കാലം 13/04/2009 വരെയും ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.